**(രജിസ്റ്റർ ചെയ്ത് കൈപ്പറ്റ് ചീട്ട് സഹിതം)**

നം.കെ.എസ്.എ.ഐ.ഡി.കെ-7/116/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
തൊടുപുഴ,തീയതി:05.02.2020

Phone : 04862-227332

Email:doidk.ksad@kerala.gov.in

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**

പ്രസിഡന്റ്

കുമാരമംഗലം ഗ്രാമപഞ്ചായത്ത്

(സെക്രട്ടറി മുഖേന)

സർ,

വിഷയം :-**കുമാരമംഗലം ഗ്രാമപഞ്ചായത്ത് -2018-19**സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്-സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം **കുമാരമംഗലം ഗ്രാമപഞ്ചായത്തിന്റെ 2018-19** സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1),(2)എന്നിവ കാണുക).

വിശ്വസ്തതയോടെ

**ഡെപ്യൂട്ടി ഡയറക്ടർ**

**പകർപ്പ് :**

1)സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഇ-മെയിൽ മുഖേന)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി-തൊടുപുഴ

3)കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ-ഐ.ഡി.കെ-7/116/2020 തീയതി:05.02.2020

## ഇടുക്കി ജില്ലയിലെ കുമാരമംഗലം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം-വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

ഇടുക്കി ജില്ലയിലെ **കുമാരമംഗലം ഗ്രാമപഞ്ചായത്തിന്റെ 2018-19** സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കി. പഞ്ചായത്ത് **11.03.2019** മുതൽ **09.01.2020** വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. **9** അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ **6** എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | | |
|---|---|---|
| **ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥ** | ശ്രീമതി ബേബി സന്ധ്യ, ഡെപ്യൂട്ടി ഡയറക്ടർ | |
| **ഓഡിറ്റിന് വിനിയോഗിച്ച സമയം** | 10.01.2020 മുതൽ 22.01.2020 വരെ | |
| **ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ** | ശ്രീമതി.സുസനിയാമ്മ തോമസ് | ഓഡിറ്റ് ഓഫീസർ |
| | ശ്രീ.മുഹ്സിൻ ഫൈസൽ | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ.എം.കെ അഭിലാഷ് | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ജി.സുനിൽ കുമാർ | സീനിയർ ഗ്രേഡ് ഓഡിറ്റർ |

**(ബി) നിർവ്വഹണാധികാരികൾ**

| | | |
|---|---|---|
| **പ്രസിഡന്റ്** | ശ്രീ. കെ.ജി സിന്ധുകുമാർ | 01.04.2018മുതൽ 31.03.2019വരെ |

| | | |
|---|---|---|
| **സെക്രട്ടറി** | ശ്രീ.കെ.പി.ജയൻ | 01.04.2018മുതൽ 04.05.2018വരെ |
| | ശ്രീമതി.കെ.എൻ.സുശീല<br>**(ജെ.എസ്, പെർഫോർമൻസ് ഓഡിറ്റ് യൂണിറ്റ്-1 തൊടുപുഴ, സെക്രട്ടറിയുടെ ചുമതല)** | 05.05.2018മുതൽ 29.05.2018വരെ<br>24.06.2018മുതൽ<br>27.06.2018 വരെ |
| | ശ്രീമതി ബിന്ദു ബി നായർ<br>**(ഹെഡ് ക്ലർക്ക് അധിക ചുമതല)** | 30.05.2018മുതൽ 23.06.2018വരെ |
| | ശ്രീ. ഷാജു മാത്യു | 28.06.2018മുതൽ<br>31.03.2019 വരെ |
| **നിർവ്വഹണ ഉദ്യോഗസ്ഥർ** | | |
| **ഉദ്യോഗപ്പേര്** | **പേര്** | **കാലയളവ്** |
| **അസിസ്റ്റന്റ്എഞ്ചിനീയർ** | ശ്രീ. ആർ. സജു | 01.04.2018മുതൽ<br>22.06.2018 വരെ |
| | ജെയിംസ് കെ.ജോസഫ് | 23.06.2018മുതൽ<br>31.03.2019 വരെ |
| **കൃഷി ഓഫീസർ** | ശ്രീമതി. ഡി. മാനസ് | 01.04.2018മുതൽ<br>31.03.2019 വരെ |
| **വി.ഇ.ഒ.** **പെരുമ്പിച്ചിറ സർക്കിൾ** | ശ്രീമതി റ്റി.എസ് രമാദേവി | 01.04.2018മുതൽ<br>12.06.2018 വരെ |

| | | | |
|---|---|---|---|
| | | ശ്രീ ജോസണ്‍ മാത്യു<br>(വി.ഇ.ഒ, ഈസ്റ്റ് കല്ലൂര്‍-അധിക ചുമതല) | 13.06.2018മുതല്‍<br>01.08.2018 വരെ |
| | | ശ്രീ ആനന്ദ് ശശി | 02.08.2018മുതല്‍<br>05.10.2018 വരെ |
| | | ശ്രീമതി മേരി ബനിജ്ഞ.കെ.ജെ | 06.10.2018മുതല്‍<br>31.03.2019 വരെ |
| | ഈസ്റ്റ് കല്ലൂര്‍ സര്‍ക്കിള്‍ | ശ്രീ ജോസണ്‍ മാത്യു | 01.04.2018മുതല്‍ 31.03.2019വരെ |
| ഐ.സി.ഡി.എസ്. സൂപ്പര്‍വൈസര്‍ | | ശ്രീമതി. മെല്‍ഡ ഡേവിഡ് | 01.04.2018മുതല്‍ 08.02.2019വരെ |
| | | ശ്രീമതി.നൈനി മോള്‍ ഐ.ജി | 09.02.2019മുതല്‍<br>31.03.2019 വരെ |
| മെഡിക്കല്‍ ഓഫീസര്‍<br>(ആരോഗ്യം) | | ഡോ.ജെ. ജയജീന | 01.04.2018മുതല്‍<br>19.03.2019 വരെ |
| | | ഡോ.മീര ശ്രുതി ആര്‍ | 20.03.2019മുതല്‍<br>31.03.2019 വരെ |
| മെഡിക്കല്‍ ഓഫീസര്‍<br>(ആയുര്‍വേദം) | | ഡോ. പി. മിനി | 01.04.2018മുതല്‍<br>31.03.2019 വരെ |
| മെഡിക്കല്‍ ഓഫീസര്‍<br>(ഹോമിയോ) | | ഡോ. സ്മിത രജിത് കുമാര്‍ | 01.04.2018മുതല്‍<br>31.03.2019 വരെ |

| | | |
|---|---|---|
| | | |
| **വെറ്ററിനറി സർജൻ** | ഡോ. പ്രീത സൈമൺ | 01.04.2018മുതൽ<br>31.03.2019 വരെ |
| **ഹെഡ് മാസ്റ്റർ, ഗവ.എൽ.പി.സ്കൂൾ കമാരമംഗലം** | ശ്രീ.ബിജോയ് ജോൺ | 01.04.2018മുതൽ<br>31.03.2019 വരെ |

**ഉള്ളടക്കം**


| **ഭാഗം-1 ഓഡിറ്റ് റിപ്പോർട്ട്** | | |
|---|---|---|
| **ക്രമ നം.** | **ഖണ്ഡിക നം.** | **ഖണ്ഡിക** |
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷികധനകാര്യപത്രിക |
| 3 | 1-3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) |
| 4 | 1-4 | ഫണ്ട് വിനിയോഗം |
| 5 | 1-5 | പദ്ധതി അവലോകനം |
| 6 | 1-6 | തൊഴിലുറപ്പ് പദ്ധതി |
| 7 | 1-7 | ക്ഷേമ പദ്ധതികൾ |
| 8 | 1-8 | ക്യാഷ് പരിശോധന |
| 9 | 1-9 | ആഭ്യന്തര നിയന്ത്രണം |
| 10 | 1-10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 11 | 1-11 | വാർഷിക കണക്കിലെ അപാകതകൾ |

| | | |
|---|---|---|
| 12 | 1-12 | വസ്തുനികുതിയിനത്തിൽ ലക്ഷങ്ങളുടെ കുടിശിക പിരിച്ചെടുക്കാൻ അവശേഷിക്കുന്നു. |
| 13 | 1-13 | മൊബൈൽ ടവറുകളുടെ വസ്തുനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല |
| 14 | 1-14 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ -അപാകതകൾ |
| 15 | 1-15 | തൊഴിൽ നികുതി സംബന്ധമായ അപാകതകൾ |
| 16 | 1-16 | പൊളിച്ച് മാറ്റിയ മേൽക്കൂര ലേലം ചെയ്തിട്ടില്ല |
| 17 | 1-17 | എസ്.എസ്.എ. വിഹിതം - അവ്യക്തത-₹800000/- ചെലവ് തടസ്സം |
| 18 | 1-18 | നിക്ഷേപ പ്രവർത്തി പൂർത്തീകരിച്ചില്ല-231752/- യുടെ ചെലവ് തടസ്സം |
| 19 | 1-19 | കാലിത്തൊഴുത്ത് നിർമ്മാണം-രേഖകൾ ഹാജരാക്കിയില്ല. ₹50,386/-യുടെ ചെലവ് തടസ്സം. |
| 20 | 1-20 | എസ്.എൽ.ബി.പി - ഫീൽഡ് വേരിഫിക്കേഷൻ നടത്തിയിട്ടില്ല. |
| 21 | 1-21 | നോൺ അവയ് ലബിലിറ്റി സാക്ഷ്യപത്രമില്ലാതെ ₹1,00,000/- യുടെ മരുന്നുകൾ വാങ്ങി. |
| 22 | 1-22 | തെരുവ് വിളക്കുകൾ സ്ഥാപിക്കൽ -അപാകതകൾ |
| 23 | 1-23 | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവ്വഹണം നടത്തിയ പദ്ധതികൾ സംബന്ധിച്ച അപാകതകൾ |
| 24 | 1-24 | മരാമത്ത് വേലകൾ-ഫയൽ സൂക്ഷിപ്പിലെ അപാകതകൾ |
| 25 | 1-25 | കുടുംബശ്രീ -അക്കൗണ്ടിൽ വൻ തുക അവശേഷിക്കുന്നു |
| 26 | 1-26 | എച്ച്.എം.സി. - വാർഷിക കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല |
| 27 | 1-27 | ഇ.എം.എസ് ഭവനപദ്ധതി മൂന്ന് ലക്ഷം രൂപ നിഷ്ക്രിയമായി അവശേഷിക്കുന്നു. |
| 28 | 1-28 | വിവിധ ഏജൻസികളിൽ നിന്നും ലഭിച്ച തുക അവശേഷിക്കുന്നത് സംബന്ധിച്ച് |
| 29 | 1-29 | ലൈഫ് ഭവനപദ്ധതി-അവലോകനം |

| | | |
|---|---|---|
| 30 | 1-30 | അങ്കണ വാടികൾക്ക് ഉപകരണങ്ങൾ വാങ്ങൽ -പദ്ധതി ആസൂത്രണത്തിലെ അപാകതകൾ. |
| **ഭാഗം-4 ഓഡിറ്റ് പ്രത്യവലോകനം** | | |
| 31 | 4-1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം |
| 32 | 4-2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം |
| 33 | 4-3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 34 | 4-4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ |
| 35 | 4-5 | വായ്പ /വായ്പാതിരിച്ചടവ് |
| 36 | 4-6 | സ്ഥിര നിക്ഷേപം |
| 37 | 4-7 | ഓഡിറ്റ് റിക്കവറി |
| 38 | 4-8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് |
| 39 | 4-9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം |
| 40 | 4-10 | ഓഡിറ്റ് പ്രത്യവലോകനം |
| 41 | 4-11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| 42 | **അനുബന്ധം-1** | ഓഡിറ്റ് സാക്ഷ്യപത്രം |

## ഭാഗം -1
## ഓഡിറ്റ് റിപ്പോർട്ട്

### 1-1 ബജറ്റ്

12.03.2018 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 04.02.2019-ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 15.05.2019 | -- | -- |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | ₹3039185 |
| വരവ് | ₹44552202 |
| ആകെ | ₹47591387 |
| ചെലവ് | ₹42343230 |
| നീക്കിയിരിപ്പ് | ₹5248157 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|---|
| വികസന ഫണ്ട് | പൊതു വിഭാഗം | 0 | 9052425 | 9052425 | 8876758 | 175667 |
| | എസ്.സി.പി | 0 | 2736000 | 2736000 | 2736000 | 0 |
| | റ്റി.എസ്.പി | 0 | 138000 | 138000 | 138000 | 0 |
| ധനകാര്യ കമ്മിഷൻ ഗ്രാന്റ് | | 0 | 5811093 | 5811093 | 3239985 | 2571108 |
| സംരക്ഷണഗ്രാന്റ് | റോഡ് | 0 | 7379000 | 7379000 | 7169773 | 209227 |
| | റോഡിതരം | 0 | 2780000 | 2780000 | 2022678 | 757322 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | സാക്ഷരത | 2503 | 53689 | 56192 | 53600 | 2592 |
| | ഇ.എം.എസ് | 300335 | 0 | 300335 | 0 | 300335 |
| | ആധാർ ഇൻസെന്റീവ് | 9840 | 0 | 9840 | 0 | 9840 |
| | വിമുക്തി | 13700 | 25000 | 38700 | 34070 | 4630 |

| | | | | | | | |
|---|---|---|---|---|---|---|---|
| | ആയുർവേദം | | 300000 | 0 | 300000 | 0 | 300000 |
| | ശുചിത്വമിഷൻ | | 144691 | 1330000 | 1474691 | 142000 | 1332691 |
| | കേരളോത്സവം | | 0 | 20000 | 20000 | 20000 | 0 |
| | പ്രളയ ദുരിതാശ്വാസം | | 0 | 50000 | 50000 | 50000 | 0 |
| കേന്ദ്രാവിഷ്കൃതം | തൊഴിലുറപ്പ് പദ്ധതി | ഭരണചെലവുകൾ | 414 | 308786 | 309200 | 306545 | 2655 |
| | | ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 7260001 | 7260001 | 7260001 | 0 |
| | ഐ.സി.ഡി.എസ്. | | 380929 | 386025 | 766954 | 558645 | 208309 |
| | ടോട്ടൽ സാനിറ്റേഷൻ | | 996000 | 476816 | 1472816 | 0 | 1472816 |
| | ദുരിതാശ്വാസ നിധി | | 4387 | 156 | 4543 | 0 | 4543 |
| | പ്രളയ ദുരിതാശ്വാസ സംഭാവന | | 0 | 189102 | 189102 | 169394 | 19708 |
| സംയുക്ത പദ്ധതികൾ | ബ്ലോക്ക് പഞ്ചായത്ത് | | 0 | 687244 | 687244 | 687244 | 0 |
| | ജില്ലാ പഞ്ചായത്ത് | | 0 | 1520719 | 1520719 | 1447319 | 73400 |
| ബി.ഫണ്ട് | | | 0 | 159200 | 159200 | 159200 | 0 |
| തനത് ഫണ്ട് | ബാങ്ക് | | 1283724 | 6533841 | 7817565 | 6211573 | 1605992 |
| | ട്രഷറി- | ജനറൽ പർപ്പസ് ഗ്രാന്റ് | (-)397338 | 5814373 | 7265038 | 7440720 | (-)175682 |
| | | റിഡംഷൻ & മറ്റിനം | | 1848003 | | | |
| | ക്യാഷ് | | 0 | 85320 | 85320 | 0 | 85320 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 167 | 67215659 | 128 | 30553532 | 0 | 39 | 76.65 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| | | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|---|
| തൊഴിലുറപ്പ് പദ്ധതി | ഭരണചെലവുകൾ | 414 | 308786 | 309200 | 306545 | 2655 |
| | ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 7260001 | 7260001 | 7260001 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 64200 | 32 |
| കർഷകതൊഴിലാളി പെൻഷൻ | 4891700 | 385 |
| വിധവാപെൻഷൻ | 4430300 | 337 |
| വാർദ്ധക്യകാലപെൻഷൻ | 11816200 | 868 |
| വികലാംഗപെൻഷൻ | 1843000 | 144 |
| അവിവാഹിത പെൻഷൻ | 294800 | 22 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12.01.2020 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹11,114/-യുടെ ക്യാഷിന്റെ നീക്കിയിരുപ്പ് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ അക്കൗണ്ടിംഗ് സിസ്റ്റം-അപാകതകളോട്ടുകൂടിയതാണ്.

വിശദാംശങ്ങൾ ഖണ്ഡിക 1-11 ൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഓഫീസ് ഓർഡർ പ്രകാരം ജോലി വിഭജനം നടത്തി കൃത്യസമയത്ത് ജീവനക്കാരെ അറിയിക്കുന്നുണ്ട്. സ്ഥലംമാറിപ്പോകുന്ന ഉദ്യോഗസ്ഥർ ഫയലുകളും രേഖകളും കൈമാറ്റം ചെയ്യുന്നില്ല. വസ്തു നികുതി പിരിവ് മോണിട്ടറിംഗ് നടത്തുന്നില്ല. പൊതുമരാമത്ത് പ്രവർത്തികളുടെ കരാർ ഉടമ്പടി, ക്യാഷ്ബുക്ക്, ആസ്തിരജിസ്റ്റർ എന്നിവ കാലികാക്കി പരിപാലിക്കുന്നില്ല.ഫയലുകൾ കുറിപ്പ് സഹിതം സെക്ഷനുകളുടെ സീൽ പതിച്ച് ഒപ്പ് വെച്ച് പരിപാലിക്കുകയോ തൻപതിവേട് യഥാവിധി പരിപാലിക്കുകയോ ചെയ്യുന്നില്ല. വിവിധ സ്റ്റാൻഡിംഗ് കമ്മറ്റികളുടെ വിഷയങ്ങൾ അജൻഡയിൽ ഉൾപ്പെടുത്തുന്നില്ല. പ്രോജക്ടുകൾ അവലോകനം നടത്തുന്നില്ല. പൊതുടാപ്പുകളുടെയും തെരുവ് വിളക്കുകളുടെയും സംയുക്ത പരിശോധന നടത്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. വാങ്ങിയ സാധന സാമഗ്രികൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടെങ്കിലും കൈപ്പറ്റുന്ന ആളുടെ വിവരം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തൽ നടത്തുന്നില്ല.

സ്റ്റാൻഡിംഗ് കമ്മിറ്റികൾ ചേരുമ്പോൾ നിർവ്വഹണ ഉദ്യോഗസ്ഥരെയും പങ്കെടുപ്പിച്ച് പ്രോജക്ടുകളുടെ പുരോഗതി വിലയിരുത്തേണ്ടതാണ്.ധനകാര്യ സ്റ്റൻഡിംഗ് കമ്മിറ്റിയിൽ വസ്തുനികുതി പിരിവ്, ഓഡിറ്റ് തടസങ്ങൾ ഒഴിവാക്കുന്നതിന് സ്വീകരിക്കേണ്ട നടപടികളെക്കുറിച്ചും ഫ്രണ്ട് ഓഫീസ് പ്രവർത്തനങ്ങളെക്കുറിച്ചും ചർച്ച ചെയ്യുന്നില്ല. വാർഷിക പദ്ധതിയുടെ നിർവ്വഹണ ഘട്ടത്തിൽ കാര്യക്ഷമമായ മോണിട്ടറിംഗ് സംവിധാനം നടപ്പിലാക്കുന്നില്ല.

പഞ്ചായത്തിൽ 13 വിവിധ വർക്കിംഗ് ഗ്രൂപ്പുകൾക്ക് രൂപം നല്കിയിട്ടുണ്ടെങ്കിലും അവയൊന്നും തന്നെ ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. ഓഡിറ്റ് വർഷത്തിൽ ഓരോ യോഗങ്ങൾ മാത്രമാണ് ഈ വർക്കിംങ് ഗ്രൂപ്പുകൾ ചേർന്നിട്ടുള്ളത്. മിനിട്സ് ബുക്കിൽ ഹാജർ രേഖപ്പെടുത്തിയതല്ലാതെ മറ്റ് തീരുമാനങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. വർക്കിംഗ് ഗ്രൂപ്പുകളുടെ ഫലപ്രദവും കാര്യക്ഷമവുമായ പ്രവർത്തനം ജനകീയാസൂത്രണത്തിന്റെ വിജയകരമായ നിർവ്വഹണത്തിന് അത്യന്താപേക്ഷിതമായതിനാൽ ഭരണസമിതി ഇക്കാര്യത്തിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16.12.2019,17.12.2019 | 11/2019 | 07.01.2020 |
| അക്കൗണ്ടന്റ് ജനറൽ ഓഡിറ്റ് | 17.08.2018 | 2017-18 | 13.09.2018 |

## 1-11 വാർഷിക കണക്കിലെ അപാകതകൾ

1) ആർജ്ജിച്ച ആസ്തികളുടെ വർഗ്ഗീകരണം, മൂല്യനിർണ്ണയം എന്നിവ നടത്തി ആസ്തി രജിസ്റ്റർ

കാലികമാക്കിയിട്ടില്ല.

2) വസ്തുനികുതിയുടെ ഡി.സി.ബി. സഞ്ചയ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

3) വസ്തുനികുതി കുടിശ്ശികയ്ക്ക് തൻവർഷം ബി-15(എ) പത്രികയിൽ പ്രൊവിഷൻ നൽകിയിട്ടില്ല. മുൻവർഷത്തെ കണക്കുകൾ ആവർത്തിക്കുകയാണുണ്ടായിട്ടുള്ളത്.

4) വസ്തുനികുതി കുടിശ്ശിക – എഴുതി തള്ളിയതായി സൂചിപ്പിക്കുന്ന തുകകൾക്ക് (ഐ-18) ഉപോത്ബലകമായ രേഖകൾ സൂക്ഷിച്ചിട്ടില്ല.

## 1-12 വസ്തുനികുതിയിനത്തിൽ ലക്ഷങ്ങളുടെ കുടിശ്ശിക-പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നു.

വസ്തു നികുതിയുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

വാർഷിക ധനകാര്യ പത്രിക പ്രകാരം 2018-19 വർഷം വസ്തുനികുതിയിനത്തിൽ 76.58 ലക്ഷം രൂപ കുടിശ്ശിക ഉണ്ട്. ഇതിൽ ഗണ്യമായ തുക നൂറുൽ ഇസ്ലാം ട്രസ്റ്റിന്റെ കീഴിലുള്ള അൽ-അസർ എന്ന വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കുടിശ്ശികയാണ്. അൽ-അസറിന്റെ ഉടമസ്ഥതയിൽ ഡെന്റൽ കോളേജ്, മെഡിക്കൽ കോളേജ്, ലോ കോളേജ്, ഹോസ്റ്റൽ, ക്വാർട്ടേഴ്സ്, മെസ്സ് തുടങ്ങിയ ധാരാളം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഓഡിറ്റ് തീയതിയിൽ അൽ-അസർ സ്ഥാപനങ്ങളുടെ(കോളേജുകൾ, ഹോസ്റ്റൽ, മെസ്സ്) വസ്തുനികുതിയിനത്തിൽ കുടിശിക 73.19 ലക്ഷവും തൻവർഷത്തെ 12.19 ലക്ഷവും പിരിച്ചെടുക്കാൻ അവശേഷിക്കുന്നു. വൻ തുക കുടിശ്ശിക വരാനുണ്ടായ കാരണം വ്യക്തമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.7) നൂറുൽ ഇസ്ലാം ട്രസ്റ്റിന്റെ കീഴിലുള്ള unauthorised നമ്പർ നൽകിയിട്ടുള്ള 16 കെട്ടിടങ്ങളുടെ ലിസ്റ്റ് സമർപ്പിക്കുകയും ടി കെട്ടിടങ്ങളുടെ വസ്തുനികുതി ചുമത്തിയതുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ WP(c)11408/2016-ാം നമ്പരായി കേസ് നിലവിലുണ്ടെന്നും സ്റ്റേ നടപടികൾ നിലനിൽക്കുന്നതിനാലാണ് വസ്തുനികുതി ഈടാക്കാനാവാത്തത് എന്നും മറുപടി നൽകിയിട്ടുണ്ട്. എന്നാൽ നിലവിലുള്ള സ്റ്റേ ഒഴിവാക്കാനാവശ്യമായ ഫലപ്രദമായ നിയമനടപടികൾ പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. തനത് വരുമാനം തുലോം കുറവായ പഞ്ചായത്ത് കോടതിയിൽ നിലവിലുള്ള കേസിലെ സ്റ്റേ ഒഴിവാക്കി കുടിശ്ശിക മുൻകാലപ്രാബല്യത്തോടെ പിരിച്ചെടുക്കാനാവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്. ഭരണസമിതിയുടെ സജീവ ശ്രദ്ധ ഇക്കാര്യത്തിൽ ഉണ്ടാകേണ്ടതാണ്.

## 1-13 മൊബൈൽ ടവറുകളുടെ വസ്തുനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല

പഞ്ചായത്ത് പരിധിയിൽ ധാരാളം മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ബി.എസ്.എൻ.എല്ലിന്റെ രണ്ടും ഐഡിയയുടെ ഒരു ടവറിനും നാളിതുവരെ വസ്തുനികുതി ഡിമാന്റ് ചെയ്യുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല. ബി.എസ്.എൻ.എല്ലിന്റെ ഒരു ടവർ 2010ൽ പണി കഴിപ്പിച്ചിട്ടുള്ളതാണെന്ന് പഴയ പെർമിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്(23.4.2010). ഐഡിയയുടെ നിലവിലുള്ള ടവർ 2013-14 കാലയളവിൽ പണി കഴിപ്പിച്ചിട്ടുള്ളതാണ്. 3 ടവറുകളുടേയും വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി കണക്കാക്കി ഡിമാന്റിൽ ഉൾപ്പെടുത്താനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്. 3 വർഷത്തിലധികമായി

പിരിച്ചെടുക്കാതിരുന്ന കുടിശ്ശിക തുകകൾ കാലഹരണപ്പെട്ട് പോകുമെന്നതിനാൽ അടിയന്തിരമായി മേൽപ്പറഞ്ഞ ടവറുകളുടെ വസ്തുനികുതി കണക്കാക്കി തുക ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-14 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ-അപാകതകൾ

ലൈസൻസ് സംബന്ധമായ രേഖകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

**(i)ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവ്**

ജി.ഒ.(പി) 80/2017/ത.സ്വഭ.വ തീയതി.31.10.2017 ലെ ഉത്തരവ് പ്രകാരം മൂലധന നിക്ഷേപം, ജീവനക്കാരുടെ എണ്ണം എന്നിവയെ അടിസ്ഥാനമാക്കി സ്ഥാപനങ്ങളെ 5 സ്ലാബുകളായി തിരിച്ച് ലൈസൻസ് ഫീസ് നിശ്ചയിച്ചിട്ടുണ്ട്. മൂലധനനിക്ഷേപം വളരെക്കുറഞ്ഞ സ്ഥാപനങ്ങളെ ഏറ്റവും താഴത്തെ സ്ലാബായ മൈക്രോ സംരംഭങ്ങളുടെ ഗണത്തിൽപ്പെടുത്തി 500/- രൂപ ഫീസ് ഈടാക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ തൻവർഷം നൽകപ്പെട്ട ലൈസൻസുകളിൽ 21 സ്ഥാപനങ്ങൾക്ക് 300/- മുതൽ 400/- രൂപ വരെ ഫീസാണ് ഈടാക്കിയത്. അന്വേഷണ റിപ്പോർട്ടിൽ എപ്രകാരമാണ് ഫീസ് നിശ്ചയിച്ചതെന്ന് രേഖപ്പെടുത്തിയിട്ടില്ല. സർക്കാർ നിർദ്ദേശം പാലിച്ച് മതിയായ ഫീസ് ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

**(ii)രജിസ്റ്ററിലും അപേക്ഷയിലും ആവശ്യമായ വിവരങ്ങൾ ചേർക്കുന്നില്ല**

അപേക്ഷയിൽ വിറ്റുവരവ് /മൂലധന നിക്ഷേപം, അടച്ച തുക, രസീത് നമ്പർ, തീയതി തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ ലൈസൻസ് രജിസ്റ്ററിൽ സ്ഥാപനം പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ നമ്പർ, സ്ഥാപനത്തിന്റെ പേര് തുടങ്ങിയ വിവരങ്ങൾ ചേർക്കുന്നില്ല. രജിസ്റ്ററിലും അപേക്ഷയിലും ലൈസൻസ് അനുവദിച്ചത് സംബന്ധിച്ച രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല. അപേക്ഷയിലും രജിസ്റ്ററിലും ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

**(iii)ലൈസൻസ് എടുത്ത സ്ഥാപനങ്ങൾ കുറവ്**

പഞ്ചായത്തിൽ തയ്യാറാക്കിയ ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം 13 വാർഡുകളിലായി 236 സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിൽ 165 സ്ഥാപനങ്ങൾ മാത്രമാണ് 2018-19 വർഷം ലൈസൻസ് എടുക്കുകയും ലൈസൻസ് രജിസ്റ്ററിൽ ഉൾപ്പെടുകയും ചെയ്തിട്ടുള്ളത്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ, കള്ള് ഷാപ്പുകൾ എന്നിവയിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയില്ല. അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.7 തീ.20.1.2020 )ലൈസൻസ് കൂടാതെ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങൾക്കും ലൈസൻസ് എടുക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ടെന്ന് മറുപടി ലഭിച്ചു. ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്തി നിയമാനുസൃതമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-15 തൊഴിൽ നികുതി സംബന്ധമായ അപാകതകൾ

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന അൽ-അസർ മെഡിക്കൽ കോളേജ്, പെരുമ്പള്ളിച്ചിറ (ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ) എന്ന സ്ഥാപനത്തിലെ ജീവനക്കാരുടെ തൊഴിൽ നികുതി തൻവർഷം ഈടാക്കിയില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.7 തീ.20.1.2020) തൊഴിൽ നികുതി ഒടുക്കുന്നതിന് നോട്ടീസ് നൽകിയതായി അറിയിച്ചു. ടി സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

### 1-16 പൊളിച്ച് മാറ്റിയ മേൽക്കൂര ലേലം ചെയ്തിട്ടില്ല

അസി എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഈസ്റ്റ് കല്ലൂർ ഗവ. എൽ.പി സ്കൂൾ അറ്റകുറ്റപണിക്ക് വേണ്ടി തൻവർഷം ബിൽ നം 78/2018-19 തീ:22.03.2019 പ്രകാരം ₹159066/- ചെലവഴിച്ചിട്ടുണ്ട്. ഓട് മേഞ്ഞ മേൽക്കൂര മാറ്റി അലുമിനിയം ഷീറ്റ് മേയുന്നതിന് ആവിഷ്കരിച്ച പ്രൊജക്ടിന്റെ നാലാമത്തെ ഇനമായി ചെയ്തിരിക്കുന്നത് നിലവിലുള്ള ഓട് മേഞ്ഞ മേൽക്കൂര പൊളിച്ച് മാറ്റുന്നതാണ്. 129.56 ച .മീ മേൽക്കൂര പൊളിച്ച് മാറ്റുന്നതിന് ₹125.15 / ച. മീ നിരക്കിൽ ₹16214/- ചെലവഴിച്ചിട്ടുണ്ട്. പൊളിച്ചെടുത്ത ഓട്, അനുബന്ധ സാമഗ്രികൾ എന്നിവയുടെ മൂല്യ നിർണ്ണയം നടത്തി ലേലം ചെയ്തിട്ടില്ല. ആയത് ലേലം ചെയ്ത് പഞ്ചായത്തിലേയ്ക്ക് മുതൽ കൂട്ടേണ്ടതാണ്.

### 1-17 എസ്.എസ്.എ.വിഹിതം-അവ്യക്തത-₹800000/-ചെലവ് തടസ്സം

| | |
|---|---|
| ബിൽ നം/തിയതി/തുക | 05/18-19/05.07.2018/₹800000 |
| പ്രോജക്ടിന്റെ പേര് | എസ്.എസ്.എ. വിഹിതം - |

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി 2018-19 വർഷം എസ്.എസ്.എ.വിഹിതം ഒടുക്കുന്നതിലേക്കായി പ്രോജക്ട് ആവിഷ്കരിക്കുകയും ₹800000/- എസ്.എസ്.എ. പ്രോജക്ട് ഓഫീസർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ തൻവർഷം ചെലവഴിക്കാനുദ്ദേശിക്കുന്ന തുക, പ്രവർത്തന ഉദ്ദേശ്യങ്ങൾ എന്നിവ വ്യക്തമാക്കുകയോ, പ്രസ്തുത ചെലവിന് ആനുപാതികമായി പഞ്ചായത്ത് ഒടുക്കേണ്ട തുകയുടെ കൃത്യത വ്യക്തമാക്കുകയോ ചെയ്തിട്ടില്ല. പ്രോജക്ട് ഓഫീസർക്ക് നൽകിയിരിക്കുന്ന ₹800000/-യുടെ വിനിയോഗ സാക്ഷ്യപത്രം ഫയലിൽ ചേർത്തിട്ടുണ്ട്. ആകെ പ്രതീക്ഷിത ചെലവ്, ആനുപാതികമായി പഞ്ചായത്ത് ഒടുക്കേണ്ട തുക എന്നിവ വ്യക്തമാക്കിയ ഡിമാന്റ് നോട്ടീസിന്റെ അഭാവത്തിൽ ഗ്രാമപഞ്ചായത്ത് ചെലവഴിച്ച തുക സർക്കാർ ഉത്തരവിൽ അനുശാസിക്കും പ്രകാരമുള്ള നിരക്കിലാണോ എന്നത് വ്യക്തമല്ല. ഡിമാന്റ് നോട്ടീസിൽ ആവശ്യപ്പെട്ട രീതിയിലും അനുപാതത്തിലും തുക ചെലവഴിച്ച എന്നതിനുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. മേൽ പരാമർശിച്ച കാരണങ്ങളാൽ ₹800000/- ചെലവ് തടസ്സപ്പെടുത്തുന്നു.

### 1-18 നിക്ഷേപ പ്രവർത്തി പൂർത്തികരിച്ചില്ല-165672/-യുടെ ചെലവ് തടസ്സം

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിൽ ഡെപ്പോസിറ്റ് പ്രവൃത്തി നടത്തുന്നതിന് ₹231752/- മുൻകൂർ നൽകിയിട്ടുണ്ട്. വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക(₹) |
|---|---|---|---|
| കെ.എസ്.ഇ.ബി | തെരുവ് വിളക്കുകൾക്ക് പുതിയ ലൈൻ സ്ഥാപിക്കൽ | 21800690/26.12.2018 | 231752 |

നൽകിയ തുകയിൽ ₹66080/-യുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ട്. നിർവ്വഹണ ഏജൻസിയുടെ പക്കൽ നിന്നുള്ള വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ ₹165672/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

### 1-19 കാലിത്തൊഴുത്ത് നിർമ്മാണം-രേഖകൾ ഹാജരാക്കിയില്ല. ₹51,286/-യുടെ ചെലവ് തടസ്സം.

| | |
|---|---|
| നിർവ്വഹണം | വെറ്ററിനറി സർജൻ |
| പദ്ധതി നം | 18/2019 |
| പദ്ധതി | കാലിത്തൊഴുത്ത് –വളക്കുഴിയും മൂത്രത്തൊട്ടി നിർമ്മാണവും |
| അടങ്കൽ | പൊതു വിഭാഗം ₹213000 |

| | |
|---|---|
| | ഗുണഭോക്തൃ വിഹിതം ₹213000 |

കാലിത്തൊഴുത്ത് -വളക്കുഴിയും മൂത്രത്തൊട്ടി നിർമ്മാണവും എന്ന പദ്ധതിയിൽ ചാണകം മഴ നനയാതെ സൂക്ഷിക്കാൻ കഴിയുന്ന വളക്കുഴിയും തൊഴുത്തിൽ നിന്നും വീഴുന്ന ഗോമൂത്രം ശേഖരിക്കുന്നതിനുള്ള സിമെന്റ് തൊട്ടിയും നിർമ്മിക്കുന്നതിന് ജനറൽ വിഭാഗത്തിന് ₹25000/- ധനസഹായം നൽകുന്നതിനാണ് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 14.02.2018 ലെ സ.ഉ (കൈ) 22/2018 ഖണ്ഡിക 6.2 (19) പ്രകാരം നിർദ്ദേശിച്ചിരിക്കുന്നത്.

എന്നാൽ താഴെ പരാമർശിക്കുന്ന ഗുണഭോക്താക്കൾ പ്രവൃത്തി നടത്തിയതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല.

| **ക്രമ നം** | **ബിൽ നം തീയതി & തുക** | **ഗുണഭോക്താവ്** | **നൽകിയ ധനസഹായം ₹** |
|---|---|---|---|
| 1 | 07/2018-19 തീ:11.03.2019<br>₹14812 | ശ്രീമതി ലൂസി ജോസഫ് | 5906 |
| 2 | 12/2018-19 തീ:11.03.2019<br>₹8750 | ശ്രീമതി ആനീസ് ജോസഫ് | 8750 |
| 3 | 13/2018-19 തീ:11.03.2019<br>₹15000 | ശ്രീമതി മേരി ബേസിൽ | 15000 |
| 4 | 17/2018-19 തീ:19.03.2019<br>₹11730 | ശ്രീമതി അൽഫോൽസ ഫിലിപ്പ് | 11730 |
| 5 | 18/2018-19 തീ:19.03.2019<br>₹9900 | ശ്രീമതി സെലിൻ ജോറോം | 9900 |
| | | **ആകെ** | **51286** |

ഗുണഭോക്താക്കൾ പ്രവൃത്തി നടത്തിയതിന്റെ രേഖകൾ, പൂർത്തീകരണ സാക്ഷ്യപത്രം, മൂല്യ നിർണ്ണയ

സാക്ഷ്യപത്രം എന്നിവയുടെ അഭാവത്തിൽ ₹51286/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

### 1-20 എസ്.എൽ.ബി.പി - ഫീൽഡ് വേരിഫിക്കേഷൻ നടത്തിയിട്ടില്ല.

| | |
|---|---|
| നിർവ്വഹണം | വെറ്ററിനറി സർജൻ |
| പദ്ധതി നം | 16/2019 |
| പദ്ധതി | കന്നുകുട്ടി പരിപാലനം |
| അടങ്കൽ | പൊതു വിഭാഗം ₹312500/- |
| | സംസ്ഥാനാവിഷ്കൃത ഫണ്ട് ₹3,12,500/- |
| | ഗുണഭോക്തൃ വിഹിതം ₹6,25,000/- |
| ബിൽ നം | 2/2018-19, 20-12-2018 ₹3,12,500/- |

നാല് മുതൽ ആറ് മാസം വരെ പ്രായമുള്ള പശുകിടാങ്ങൾ ഉള്ളവർക്ക് പശുക്കിടാവിന് 32 മാസം ആകുന്നത് വരെയോ സബ്സിഡി തീരുന്നത് വരെയോ 50% സബ്സിഡി നിരക്കിൽ കാലിതീറ്റ നൽകുന്നതിന് വിഭാവനം ചെയ്തിരിക്കുന്ന പദ്ധതിയാണിത്.

കിടാരി പ്രസവിക്കുകയോ ചത്തുപോകുയോ ഗുണഭോക്താവ് മൂന്ന് മാസം തുടർച്ചയായി കാലിതീറ്റ വാങ്ങുന്നത് മുടങ്ങുകയോ ചെയ്താൽ ധനസഹായം തുടർന്ന് നൽകേണ്ടതില്ലാത്തതാണ്. നിർവ്വഹണ ഉദ്യോഗസ്ഥൻ നാളിതുവരെയും ഫീൽഡ് വേരിഫിക്കേഷൻ നടത്തിയതായി രജിസ്റ്ററിൽ പരാമർശിച്ചിട്ടില്ല. മൂന്ന് മാസത്തിലൊരിക്കലെങ്കിലും ഫീൽഡ് വേരിഫിക്കേഷൻ നടത്തി അനർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുകയും അവരുടെ ആനുപാതിക തുക ജില്ലാ മൃഗസംരക്ഷണ ഓഫീസിൽ നിന്നും തിരികെ ഈടാക്കി ഗ്രാമപഞ്ചായത്ത് വഴി സർക്കാരിലേക്ക് അടവാക്കേണ്ടതുമാണ്.

### 1-21 നോൺ അവയ് ലബിലിറ്റി സാക്ഷ്യപത്രമില്ലാതെ മരുന്നുകൾ വാങ്ങി.

| | |
|---|---|
| നിർവ്വഹണം | വെറ്ററിനറി സർജൻ |
| പദ്ധതി നം | 15/2019 |
| പദ്ധതി | മൃഗാശുപത്രിക്ക് മരുന്ന വാങ്ങൽ. |
| അടങ്കൽ | റോഡിതരം ₹1,00,000/- |
| ബിൽ നം | 07/2018-19 തീ:14.03.2019 |
| തുക | ₹1,00,000/ |

വെറ്ററിനറി ആശുപത്രികളിലേയ്ക്ക് ആവശ്യമായ മരുന്നുകൾ വകുപ്പിൽ നിന്നും ലഭ്യമല്ലാത്ത സാഹചര്യത്തിൽ

നോൺ അവയ് ലബിലിറ്റി സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ മരുന്ന് വാങ്ങൽ നടപടികളിലൂടെ മരുന്ന് വാങ്ങുന്നതിനാണ് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 14.02.2018 ലെ സ.ഉ (കൈ) 22/2018 ഖണ്ഡിക 6.2 (12) പ്രകാരം നിർദ്ദേശിച്ചിരിക്കുന്നത്. എന്നാൽ മൃഗസംരക്ഷണ വകുപ്പിൽ നിന്നുള്ള നോൺ അവയ് ലബിലിറ്റി സാക്ഷ്യപത്രമില്ലാതെയാണ് ടെണ്ടർ നടപടികളിലൂടെ താഴെ പരാമർശിക്കും പ്രകാരം മരുന്നുകൾ വാങ്ങിയത്.

| ക്രമ നം. | സ്ഥാപനം | ബിൽ നമ്പർ | തുക ₹ |
|---|---|---|---|
| 1 | വി.സി ഫാർമസ്യൂട്ടിക്കൽ പറവൂർ | ബി.ബി18വൈ-00026<br>തീ:28.02.2019 | 34080 |
| 2 | യുണൈറ്റഡ് ഏജൻസീസ് കോതമംഗലം | 5830<br>തീ:27.02.2019 | 22800 |
| 3 | ഒറിജിൻ ഫാർമസ്യൂട്ടിക്കൽ തിരുവനന്തപുരം | ഒ.പി.ഓ112എ<br>തീ:27.02.2019 | 43120 |
| | | **ആകെ** | **100000** |

സർക്കാരിന്റെ ഉത്തരവുകളും നിർദ്ദേശങ്ങളും പാലിച്ചുകൊണ്ട് പദ്ധതികൾ നടപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-22 തെരുവ് വിളക്കുകൾ സ്ഥാപിക്കൽ -അപാകതകൾ

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയിട്ടുള്ള തെരുവ് വിളക്കുകൾ സ്ഥാപിക്കൽ(75/19) എന്ന പദ്ധതിക്കു വേണ്ടി ₹133400/- (ബിൽ നം.8/2019, 26-3-2019) ചെലവഴിച്ചിട്ടുണ്ട്. ടെണ്ടർ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിന് ചുവടെ ചേർത്തിരിക്കുന്ന രീതിയിൽ രണ്ടു സ്ഥാപനങ്ങൾ പങ്കെടുത്തിട്ടുണ്ട്.

| ഇനം | ടെണ്ടർ പ്രകാരമുള്ള നിരക്ക് | |
|---|---|---|
| | സെർട്ടോ, എറണാകുളം | എഡിസൺ ഇലക്ട്രോണിക്സ് എറണാകുളം |
| 20 വാട്ട് എൽ.ഇ.ഡി | -- | 2100/- |
| 24 വാട്ട് എൽ.ഇ.ഡി | 1999/- | 2300/- |
| 30 വാട്ട് എൽ.ഇ.ഡി | 2379/- | 2800/- |

ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 24-11-2018-ലെ 1/10 നമ്പർ തീരുമാനം,പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ 14-11-2018-ലെ തീരുമാനം എന്നിവയുടെ അടിസ്ഥാനത്തിൽ മറ്റുള്ള ബൾബുകളെക്കാൾ ഗുണമേൻമയുള്ളതാണ് ഹാവെൽസ് കമ്പനിയുടെ ബൾബ് എന്ന കാരണം വ്യക്തമാക്കിക്കൊണ്ട് എഡിസൺ ഇലക്ട്രോണിക്സ് എറണാകുളം എന്ന സ്ഥാപനം ക്വോട്ട് ചെയ്ത 24 വാട്ട് എൽ.ഇ.ഡി.ബൾബുകൾ ₹2300/- നിരക്കിൽ വാങ്ങുന്നതിന് തീരുമാനിച്ചു.

കുറഞ്ഞ തുക ക്വോട്ട് ചെയ്ത കമ്പനിയുമായി താരതമ്യപ്പെടുത്തുമ്പോൾ ഒരു യൂണിറ്റിന് 301/-രൂപയുടെ വിലവ്യത്യാസം വരുന്നുണ്ട്. എന്നാൽ രണ്ടു സ്ഥാപനങ്ങളും സമർപ്പിച്ച ടെണ്ടർ പ്രകാരമുള്ള ഉപകരണങ്ങൾ സാങ്കേതിക വിദഗ്ധരെക്കൊണ്ട് പരിശോധിപ്പിച്ച് ക്ഷമതാ നിർണ്ണയം നടത്തിയിട്ടില്ല. മാത്രമല്ല എഡിസൺ ഇലക്ട്രോണിക്സ് എറണാകുളം എന്ന സ്ഥാപനം വിതരണം നടത്തിയിരിക്കുന്ന ബൾബ് ഹാവെൽസ് എന്ന കമ്പനിയുടേതാണെന്ന് ബില്ലിൽ രേഖപ്പെടുത്തിയിട്ടുമില്ല. മുൻപ് വിതരണം ചെയ്ത ഉപകരണങ്ങൾ ഗുണമേൻമയുള്ളതായിരുന്നു എന്ന കാരണം വ്യക്തമാക്കിക്കൊണ്ട് ഗണ്യമായ വിലവ്യതിയാനത്തിൽ ഉപകരണങ്ങൾ വാങ്ങിയ നടപടി ശരിയല്ല. മേൽ പരാമർശിച്ച അപാകതകളാൽ ₹133400/-ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

### 1-23 മെഡിക്കൽ ഓഫീസർ(പി.എച്ച്.സി)നിർവ്വഹണം നടത്തിയ പദ്ധതികൾ സംബന്ധിച്ച അപാകതകൾ

മെഡിക്കൽ ഓഫീസർ തൻവർഷം നിർവ്വഹണം നടത്തിയ പദ്ധതികളിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട്.നം. | 166/2018-19, പി.എച്ച്.സി യിലേക്ക് ഓക്സിജൻ സിലിൻഡർ, ഇൻവെർട്ടർ ബാറ്ററി എന്നിവ വാങ്ങൽ |
| ചെലവ് | ₹30000/- |
| ബിൽ നം./തീയതി/ തുക | 10/2018-19 തീ.20.1.2019 – ₹23000/- |
| | 14/2018-19 തീ.23.3.2019 – ₹7000/- |

പി.എച്ച്.സി.യിലേയ്ക്ക്, ഓക്സിജൻ സിലിണ്ടർ, ഇൻവെർട്ടർ, ബാറ്ററി എന്നിവ വാങ്ങുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണിത്. പദ്ധതി നിർവ്വഹണത്തിനായി മെഡിക്കൽ ഓഫീസർ 9.11.2018ൽ ക്ഷണിച്ച ക്വട്ടേഷൻ നോട്ടീസ് പ്രകാരം കണ്ടത്തിൻകര ഏജൻസീസ്, ഇന്റർനാഷണൽ ഇലക്ട്രോണിക്സ്, ടെക്ട്രോൺ എന്നീ 3 സ്ഥാപനങ്ങൾ ക്വട്ടേഷൻ സമർപ്പിക്കുകയുണ്ടായി. കണ്ടത്തിൻകര ഏജൻസീസ്, ഇന്റർനാഷണൽ ഇലക്ട്രോണിക്സ് എന്നീ 2 സ്ഥാപനങ്ങളും സമർപ്പിച്ച ക്വട്ടേഷനിൽ സ്പെസിഫിക്കേഷൻ, നിരക്ക്, വാറണ്ടി തുടങ്ങിയവ വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ടെക്ട്രോൺ, തൊടുപുഴ എന്ന സ്ഥാപനം സമർപ്പിച്ച ക്വട്ടേഷനിൽ ടി വിവരങ്ങളൊന്നും കൃത്യമായി രേഖപ്പെടുത്തിയിരുന്നില്ല. നിരക്ക് ഉൾപ്പെടെയുള്ള വിശദാംശങ്ങളൊന്നും ക്വോട്ട് ചെയ്യാതിരുന്നിട്ടും കമ്പാരിസൺ സ്റ്റേറ്റ്മെന്റിൽ കുറഞ്ഞ തുകയായ ₹23000/- ടെക്ട്രോൺ എന്ന സ്ഥാപനത്തിന്റെ പേരിൽ രേഖപ്പെടുത്തുകയും ക്വട്ടേഷൻ അംഗീകരിച്ച് ₹23000/- ആണ് പ്രസ്തുത സ്ഥാപനത്തിന് നൽകിയിട്ടുള്ളത്. വിവരം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.9 തീ.21.1.2020) ഭാവിയിൽ ഇത്തരം അപാകത ഉണ്ടാകാതെ ശ്രദ്ധിക്കുന്നതാണെന്ന് മറുപടി ലഭിച്ചു. ക്വട്ടേഷൻ വ്യവസ്ഥകളിലെ നടപടിക്രമങ്ങൾ പാലിച്ച് മാത്രം

പ്രവൃത്തി നടപ്പാക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

(ii)പ്രോജ.നം.9/2018-19, പാലിയേറ്റീവ് പരിചരണം

പാലിയേറ്റീവ് പരിചരണത്തിന്റെ ഭാഗമായി ഹോംകെയറിനാവശ്യമായ വാഹനം പി.എച്ച്.സി-യിൽ നിലവിലില്ല. സ്വന്തമായി വാഹനമില്ലാത്തതിനാൽ വാഹനം കരാർ അടിസ്ഥാനത്തിൽ ലഭ്യമാക്കുന്നതിനായി 17.3.2018 ൽ ടെണ്ടർ ക്ഷണിക്കുകയുണ്ടായി. കുറഞ്ഞതുക ക്വോട്ട് ചെയ്ത KL 38B 2620 (C/o നാരായണൻ, കുന്നേൽ) എന്ന വാഹനത്തിന്റേയും അടുത്ത 6 മാസത്തേയ്ക്ക് 12.9.2018 ൽ വിളിച്ച ടെണ്ടറിൽ കുറഞ്ഞ തുക ക്വോട്ട് ചെയ്ത KL 38G 1674 (C/o മനോജ്) എന്ന വാഹനത്തിന്റേയും ക്വട്ടേഷൻ അംഗീകരിച്ചിട്ടുണ്ട്. എന്നാൽ ടി 2 വാഹനങ്ങളും സ്വകാര്യ രജിസ്ട്രേഷൻ വാഹനങ്ങളാണ്. ഔദ്യോഗികാവശ്യങ്ങൾക്ക് ടാക്സി വാഹനങ്ങൾ ഉപയോഗിക്കണമെന്നിരിക്കെ കുറഞ്ഞ നിരക്ക് ചൂണ്ടിക്കാട്ടി സ്വകാര്യ രജിസ്ട്രേഷൻ വാഹനങ്ങൾക്ക് കരാർ നൽകിയത് ക്രമപ്രകാരമല്ല. ടി വിഷയത്തിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.9 തീ.20.1.2020) കുറഞ്ഞ തുക ക്വോട്ട് ചെയ്തതിനാലാണ് സ്വകാര്യ രജിസ്ട്രേഷൻ വാഹനത്തിന് കരാർ നൽകിയതെന്നും ടി വാഹനങ്ങൾക്ക് കരാർ നൽകാൻ പി.എം.സി തീരുമാനിച്ചിട്ടുള്ളതായും മറുപടി ലഭിച്ചു. ഔദ്യോഗികാവശ്യത്തിനായി വാഹനങ്ങൾക്ക് കരാർ നൽകുമ്പോൾ സർക്കാർ മാനദണ്ഡം പാലിക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-24 മരാമത്ത് വേലകൾ-ഫയൽ സൂക്ഷിപ്പിലെ അപാകതകൾ

അസി.എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ മരാമത്ത് വേലകൾ പരിശോധിച്ചപ്പോൾ ശ്രദ്ധയിൽപെട്ട ഫയൽ സൂക്ഷിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1.കരാറുകാരന് സെലക്ഷൻ നോട്ടീസ് അയക്കുന്നതിന്റെ വിവരങ്ങൾ, നിർമ്മാണം തുടങ്ങുന്നതിനായി സൈറ്റ് കൈമാറ്റം ചെയ്തതിന്റെ വിവരങ്ങൾ എന്നിവ ഫയലിൽ ചേർത്തിട്ടില്ല.

2.ലൊക്കേഷൻ മാപ്പ് തയ്യാറാക്കിയിട്ടില്ല.

സർക്കാർ നിർദ്ദേശങ്ങൾക്കനുസരിച്ച് ഫയൽ സൂക്ഷിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-25 കുടുംബശ്രീ -അക്കൗണ്ടിൽ വൻ തുക അവശേഷിക്കുന്നു

കുടുംബശ്രീയുടെ വിവിധ അക്കൗണ്ടുകളിലായി അവശേഷിക്കുന്ന തുകകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ബാങ്ക് & അക്കൗണ്ട് നമ്പർ | 31.03.2019ലെ ബാലൻസ് | റിമാർക്സ് |
|---|---|---|---|
| 1 | യൂണിയൻ ബാങ്ക് കുമാരമംഗലം<br>അക്കൗണ്ട് നം 3659 | 460853 | ആശ്രയ |

| | | | |
|---|---|---|---|
| 2 | യൂണിയൻ ബാങ്ക് കുമാരമംഗലം<br>അക്കൗണ്ട് നം 3528 | 100000 | അഗതി രഹിത കേരളം |

ആശ്രയ പദ്ധതിക്കായുള്ള കുമാരമംഗലം യൂണിയൻ ബാങ്കിലെ 3659 നമ്പരായുള്ള അക്കൗണ്ട് 19.06.2019 ൽ ക്ലോസ് ചെയ്ത് തുക 3528 നമ്പരായുള്ള അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുകയാണ്. പ്രസ്തുത അക്കൗണ്ടിൽ 02.01.2020 ൽ ₹8,91,425/- നീക്കിയിരിപ്പ് ഉള്ളതായി കാണുന്നു. ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കേണ്ട പണം നിഷ്ക്രിയമായി ബാങ്ക് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നത് ഉചിതമല്ല. പാവപ്പെട്ട ജനങ്ങളുടെ ക്ഷേമത്തിനും വികസനത്തിനും പ്രാദേശിക പ്രത്യേകതകളുള്ള ഉചിതമായ പരിപാടികൾ കണ്ടെത്തി നടപ്പാക്കുന്നതിന് ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്.

### 1-26 എച്ച്.എം.സി.-വാർഷിക കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 166(1) പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലെ സർക്കാർ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ നടത്തിപ്പ് ചുമതല ഗ്രാമപഞ്ചായത്തിന്റെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളിൽപെട്ടതാണ്. വകുപ്പ് 173(എ), 2010 ലെ കേരള പഞ്ചായത്ത് രാജ് (പൊതു ജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ) ചട്ടങ്ങളിലെ, ചട്ടം.3(1) പ്രകാരം കൈമാറിയിട്ടുള്ള പൊതു ആരോഗ്യ സ്ഥാപനങ്ങളിൽ ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ, മെമ്പർ സെക്രട്ടറി എന്നിവർ ഉൾപ്പടെ 15 അംഗങ്ങളിൽ കൂടാതെയുള്ള ഒരു മാനേജിംഗ് കമ്മിറ്റി നിർണ്ണയിക്കപ്പെട്ട പ്രകാരം രൂപീകരിക്കേണ്ടതാണ്.

ചട്ടം 9(1) പ്രകാരം പൊതുജനാരോഗ്യ സ്ഥാപനത്തെ സംബന്ധിച്ച ആശുപത്രി വികസന ഫണ്ട് ഓഡിറ്റ് നടത്തേണ്ടത് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പാണ്. 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 9(1) പ്രകാരം ഒരു സാമ്പത്തിക വർഷം അവസാനിച്ച ശേഷം 4 മാസത്തിനകം വാർഷിക കണക്കുകൾ ഓഡിറ്റിനായി സമർപ്പിക്കേണ്ടതാണ് (ജൂലായ് 31 നകം). എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കൈമാറിയിട്ടുള്ള ആശുപത്രികളിൽ (പി.എച്ച്.സി., ഹോമിയോ, ആയുർവ്വേദം) മാനേജിംഗ് കമ്മിറ്റികൾ വാർഷിക കണക്കുകൾ ഓഡിറ്റിൽ പരിശോധനക്കായി സമർപ്പിച്ചിട്ടില്ല. പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 182(xv) പ്രകാരം പഞ്ചായത്തിന്റെ നിയന്ത്രണത്തിനു കീഴിലുള്ള സ്ഥാപനങ്ങളുടെ അക്കൌണ്ടുകൾ പരിശോധിക്കുകയോ, പരിശോധിപ്പിക്കുകയോ ചെയ്യേണ്ടത് സെക്രട്ടറിയുടെ ചുമതലയാണ്. മേൽ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. എച്ച്.എം.സി. വാർഷിക കണക്കുകൾ ഓഡിറ്റ് പരിശോധനക്കായി സമർപ്പിക്കുവാനാവശ്യമായ നിർദ്ദേശം നൽകേണ്ടതാണ്.

### 1-27 ഇ.എം.എസ് ഭവനപദ്ധതി മൂന്ന് ലക്ഷം രൂപ നിഷ്ക്രിയമായി അവശേഷിക്കുന്നു.

ഇ.എം.എസ് ഭവന പദ്ധതിക്കായി ഇടുക്കി ജില്ലാ സഹകരണ ബാങ്കിൽ സെക്രട്ടറിയുടെ പേരിലുള്ള 200004

(എല്.ബി-15) നമ്പരായുള്ള അക്കൗണ്ടിൽ നിലവിൽ ₹3,00,335/- അവശേഷിക്കുന്നുണ്ട്. നിലവിൽ ഗുണഭോക്താക്കൾക്ക് നൽകാൻ ബാധ്യതപ്പെടാത്തതാണ് ഈ തുകയാണെങ്കിൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 23.11.2017 ലെ 326/ഡി.ബി.1/2017 നമ്പരായുള്ള സർക്കുലറിലെ നിർദ്ദേശാനുസരണം ലൈഫ് പദ്ധതിയുടെ നിർവ്വഹണത്തിനായി വിനിയോഗിക്കേണ്ടതാണ്.

### 1-28 വിവിധ ഏജൻസികളിൽ നിന്നും ലഭിച്ച തുക അവശേഷിക്കുന്നത് സംബന്ധിച്ച്

സംസ്ഥാന, കേന്ദ്ര സർക്കാരുകളിൽ നിന്നും വിവിധ ഏജൻസികളിൽ നിന്നും പ്രത്യേക ആവശ്യങ്ങൾക്കായി താഴെ പറയുന്ന ഇനങ്ങളിൽ ലഭിച്ച തുക പൂർണ്ണമായും ചെലവഴിക്കാതെ അവശേഷിക്കുന്നതായി വാർഷിക ധനകാര്യ പത്രികയിലെ ബി4 ഷെഡ്യൂൾ പ്രകാരം കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഹെഡ് ഓഫ് അക്കൗണ്ട് | വിശദാംശങ്ങൾ | തുക ₹ |
|---|---|---|---|
| 1 | 320100115 | സമ്പൂർണ ശുചിത്വ പരിപാടി (TSC) | 1472816 |
| 2 | 320100121 | ICDS | 208309 |
| 3 | 320200207 | ആയുർവേദം | 300000 |
| 4 | 320200305 | ആധാർ ഇൻസെന്റീവ് | 9840 |
| 5 | 320200309 | സാക്ഷരത | 2592 |
| 6 | 320200322 | ശുചിത്വ മിഷൻ | 1332691 |
| 7 | 320700205 | സംയുക്ത പദ്ധതി<br>(ജില്ലാ പഞ്ചായത്ത്) | 73400 |
| | **ആകെ** | | **3399648** |

പ്രസ്തുത തുകകൾ അതാത് പ്രവൃത്തികൾക്കായി ചെലവഴിക്കുന്നതിനോ അല്ലാത്തപക്ഷം അതാത് ഹെഡിലേക്ക്

തിരിച്ചടയ്ക്കുന്നതിനോ ഉള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-29 ലൈഫ് ഭവനപദ്ധതി-അവലോകനം

**1)ഫണ്ട് വിശകലനം**

നാളിതുവരെ ലൈഫ് ഭവന പദ്ധതിക്കായി വിവധ സ്രോതസ്സുകളിൽ നിന്നും ലഭിച്ചതും ചെലവഴിച്ചതുമായ തുകകളുടെ വിവരം താഴെ നൽകുന്നു.

| ഫണ്ടിനം | | വരവ് ₹ | ചെലവ് ₹ |
|---|---|---|---|
| പ്ലാൻ ഫണ്ട് | പൊതു വിഭാഗം | 3296600 | 3296600 |
| | എസ്. സി.പി | 1427750 | 1427750 |
| | റ്റി.എസ്.പി | 166600 | 166600 |
| ബ്ലോക്ക്പഞ്ചായത്ത് | പൊതു വിഭാഗം | 1061224 | 1061224 |
| | എസ്. സി.പി | 602041 | 602041 |
| | റ്റി.എസ്.പി | 73400 | 73400 |
| ജില്ലാപഞ്ചായത്ത് | പൊതു വിഭാഗം | 855719 | 855719 |
| ഹഡ്കോ വായ്പ | | 5920000 | 5920000 |
| സംസ്ഥാന വിഹിതം | | 1360000 | 1360000 |

**2). ഗുണഭോക്തൃ വിശകലനം**

ലൈഫ് പദ്ധതിയിൽ അംഗമായ വിവിധ ഗുണഭോക്താക്കളുടെ വിവരം താഴെ നൽകുന്നു.

| | പൊതു വിഭാഗം | എസ്.സി | എസ്.റ്റി | ആകെ |
|---|---|---|---|---|
| കരാർ വച്ചത് | 45 | 06 | 01 | 52 |
| പണി തുടങ്ങാത്തത് | 07 | 00 | 00 | 07 |

| | | | | |
|---|---|---|---|---|
| തുടങ്ങിയത് | 02 | 00 | 00 | 02 |
| തറ തീർന്നത് | 02 | 00 | 00 | 02 |
| ലിന്റൽ തീർന്നത് | 01 | 01 | 00 | 02 |
| മേൽക്കൂര തീർന്നത് | 03 | 01 | 00 | 04 |
| പണി തീർന്നത് | 30 | 04 | 01 | 35 |

**1-30 അങ്കണവാടികൾക്ക് ഉപകരണങ്ങൾ വാങ്ങൽ -പദ്ധതി ആസൂത്രണത്തിലെ അപാകതകൾ.**

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ഗ്രാമപഞ്ചായത്തിലെ വിവിധ അങ്കണവാടികളിലേക്ക് ഉപകരണങ്ങൾ വാങ്ങുന്നതിനായി ചുവടെ ചേർത്തിരിക്കുന്ന രീതിയിൽ പ്രൊജക്ടുകൾ ആവിഷ്കരിച്ച് തുക ചെലവഴിച്ചിരിക്കുന്നു.

| ക്രമനം | പ്രോജക്ട് വിവരങ്ങൾ | ചെലവഴിച്ച തുക ₹ | ബിൽ നം./ തീയതി |
|---|---|---|---|
| 1 | 90/2019 പ്ലാന്റേഷൻ അങ്കണവാടിക്ക് ഉപകരണം | 36520 | 41/ 2018-19 തീ:22.03.2019 |
| 2 | 101/2019 ഏഴല്ലൂർ മൂന്നാം നമ്പർ അങ്കണവാടിക്ക് ഉപകരണങ്ങൾ | 10000 | 25/ 2018-19 തീ:10.01.2019 |
| 3 | 105/2019 പന്ത്രണ്ടാം നമ്പർ അങ്കണവാടിക്ക് ഉപകരണങ്ങൾ | 21790 | 36/ 2018-19 തീ:12.03.2019 |
| 4 | 111/2019 പതിമൂന്നാം നമ്പർ അങ്കണവാടിക്ക് ഉപകരണങ്ങൾ | 31000 | 27/ 2018-19 തീ:16.01.2019 |

| | | | |
|---|---|---|---|
| 5 | 112/2019 അങ്കണവാടിക്ക് ഉപകരണങ്ങൾ | 1060 | 49/ 2018-19 തീ:22.03.2019 |
| | | 2000 | 50/ 2018-19 തീ:22.03.2019 |
| 6 | 165/2019 പത്താം നമ്പർ അങ്കണവാടിക്ക് ഉപകരണങ്ങൾ | 19800 | 37/ 2018-19 തീ:11.03.2019 |
| 7 | 198/2019 കറുക അങ്കണവാടിക്ക് ഉപകരണങ്ങൾ | 7311 | 45/ 2018-19 തീ:22.03.2019 |
| 8 | 199/2019 പതിനൊന്നാം വാർഡ് അങ്കണവാടിക്ക് ഉപകരണങ്ങൾ | 5990 | 44/ 2018-19 തീ:22.03.2019 |

മേൽ പരാമർശിച്ച പ്രൊജക്ടുകൾക്ക് വ്യത്യസ്ഥ ക്വട്ടേഷനുകൾ ക്ഷണിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഉപകരണങ്ങൾ വാങ്ങുകയും ചെയ്തിരിക്കുന്നു. സമാന സ്വഭാവമുള്ള പ്രൊജക്ടുകൾ ആയതിനാൽ ഓരോ അംഗനവാടികളിലേയ്ക്കും ആവശ്യമായ ഉപകരണങ്ങളുടെ വിവരശേഖരണം നടത്തി ടെണ്ടർ ക്ഷണിച്ച് ഉപകരണങ്ങൾ ലഭ്യമാക്കി അങ്കണവാടികളിലേയ്ക്ക് വിതരണം നടത്തേണ്ടതാണ്. അങ്കണവാടികളിലേയ്ക്ക് ഉപകരണങ്ങൾ വാങ്ങുന്നതിനായി എട്ട് പ്രോജക്ടുകൾ നടപ്പാക്കുക വഴി പദ്ധതി നിർവ്വഹണം കൂടുതൽ സങ്കീർണ്ണമാകുകയും കാലതാമസം വരുകയും ചെയ്തിരിക്കുന്നു. ഭാവിയിൽ ഇത്തരം അപാകതകൾ ഉണ്ടാകാതിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം-2
## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

-ഇല്ല-

## ഭാഗം-3
## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

-ഇല്ല-

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-2019 | 1406.2019&15.06.2019 | കെ.എസ്.എ-ഐ.ഡി.കെ.3/520(37) തി.16.08.2019 |

### 4-2 സംയുക്തപ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക ₹ | പ്രോജക്ടിന്റെ പേര് | ചെലവ് ₹ | ബാലൻസ് ₹ |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-2019 | 687244 | ലൈഫ് ഭവന നിർമ്മാണം | 687244 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-2019 | 855719 | ലൈഫ് ഭവന നിർമ്മാണം | 855719 | 0 |
| | 2018-2019 | 475000 | നെൽകൃഷിക്ക് ധനസഹായം | 475000 | 0 |
| | 2018-2019 | 190000 | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് | 116600 | 73400 |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക(₹) | ചെലവഴിച്ച തുക(₹) | ചെലവഴിക്കാൻ ബാക്കിയുള്ള തുക(₹) |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | തെരുവ് വിളക്കുകൾക്ക് | 21800690/26.12.2018 | 231752 | 66080 | 165672 |

| | | | | | |
|---|---|---|---|---|---|
| | പുതിയ ലൈൻ സ്ഥാപിക്കൽ | | | | |

**4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ**

ഇല്ല

**4-5 വായ്പ/വായ്പാതിരിച്ചടവ്**

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക (₹) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക (₹) | തൻവർഷം തിരിച്ചടച്ച തുക(₹) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക(₹) |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഹഡ്കോ | ജി.ഒ.എം.എസ് നം.68/2018 എൽ.എസ്.ജി.ഡി തി.18.05.2018 | 2952257 | 0 | 0 | 0 | 2952257 |

**4-6 സ്ഥിര നിക്ഷേപം**

ഇല്ല

**4-7 ഓഡിറ്റ് റിക്കവറി**

ഇല്ല

**4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്**

ഇല്ല

**4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം**

ഇല്ല

**4-10 ഓഡിറ്റ് പ്രത്യവലോകനം**

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | ₹44552202 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | ₹42343230 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ₹1150358 |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| ഇല്ല | | | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക(₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 800000 | ശ്രീ.ഷാജു മാത്യു, സെക്രട്ടറി |
| 1-18 | 165672 | ശ്രീ.ഷാജു മാത്യു, സെക്രട്ടറി |
| 1-19 | 51286 | ഡോ. പ്രീത സൈമൺ, വെറ്ററിനറി സർജൻ |
| 1-22 | 133400 | ശ്രീ.ഷാജു മാത്യു, സെക്രട്ടറി |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | തുക |
|---|---|
| ഇല്ല | |

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

| | |
|---|---|
| ഖണ്ഡിക നമ്പർ | 1-14 |

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| | (ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | |
| ശ്രീ.ഷാജു മാത്യു, സെക്രട്ടറി | സെക്രട്ടറി,കുമാരംഗലം ഗ്രാമപഞ്ചായത്ത് | മഞ്ചപ്പിള്ളിൽ വീട്,<br>പെരുമ്പിള്ളിച്ചിറ പി.ഒ കുമാരമംഗലം,<br>ഇടുക്കി ജില്ല |
| ഡോ.പ്രീത സൈമൺ | വെറ്ററിനറി സർജൻ,<br>കുമാരംഗലം ഗ്രാമപഞ്ചായത്ത് | കാരിപ്ലാക്കൽ വീട്,<br>കരിങ്കുന്നം പി.ഒ,<br>തൊടുപുഴ,<br>ഇടുക്കി ജില്ല |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | ഖണ്ഡിക നം | ഖണ്ഡിക എണ്ണം |
|---|---|---|---|
| 1976-77 | എൽ.എഫ്.ഐ./838/ 86/ 01.01.1988 | - | - |
| 1979-80 | എൽ.എഫ്.ഐ./838/86/ 01.01.1988 | - | - |
| 1980-81 | എൽ.എഫ്.ഐ./838/86/ 01.01.1988 | - | - |
| 1981-82 | എൽ.എഫ്.ഐ./838/86/ 01.01.1988 | - | - |
| 1983-84 | എൽ.എഫ്.ഐ./838/86/ 01.01.1988 | - | - |

| | | | |
|---|---|---|---|
| 1997-98 | കെ.എസ്.എ-ഐ.ഡി.കെ-7/767/18/ തീ.12.06.18 | 34, 35, 36,37,38, 40 | 6 |
| 2000-01 | കെ.എസ്.എ-ഐ.ഡി.കെ-7/ 767/18/ തീ.12.06.18 | 21 | 1 |
| 2003-04 | കെ.എസ്.എ-ഐ.ഡി.കെ-7/ 767/18/ തീ.12.06.18 | 3- 4, 3-5, 3-6 | 3 |
| 2006-07 | എൽ.എഫ്.ഐ.9/407/11 തീ.10.05.2011 | 2-1, 2-4, 3-2, 3-3, 3-5, 3-6, 3-7 | 7 |
| 2007-08 | എൽ.എഫ്.ഐ.9/309/2012/ തീ.31.05.12 | 3-1, 3-2, 3-4 മുതൽ 3-13 വരെ | 12 |
| 2008-09 | എൽ.എഫ്.ഐ.7/602/14/ തീ.14.10.14 | 2-1, 3-1മുതൽ 3-7 വരെ | 8 |
| 2009-10 | എൽ.എഫ്.ഐ.9/711/13/ തീ.08.10.13 | 2-1, 2-2, 2-3, 2-4, 3-1, 3-2, 3-3 | 7 |
| 2010-11 | കെ.എസ്.എ-ഐ.ഡി.കെ-7/1257/ 17/തീ.12.01.18 | 2-2, 3-2, 3-4, 3-5 | 4 |
| 2011-12 | കെ.എസ്.എ-ഐ.ഡി.കെ-7/1814/ 17/12.03.18 | 2-2(എ,ബി),3-2, 3-3, 3-4, 3-5, 3-7, | 9 |

| | | | |
|---|---|---|---|
| | | 3-8, 3-9, 3-10 | |
| 2012-13<br>2013-14 | കെ.എസ്.എ-ഐ.ഡി.കെ-7/1025/ 14/തീ.04.11.14 | 2-1, 3-2, 3-3, 3-4, 3-5 | 5 |
| 2014-15 | കെ.എസ്.എ-ഐ.ഡി.കെ-7/595/18/ തീ.10.05.18 | 2-2, 3-2, 3-4,<br>3-6, 3-9 | 5 |
| 2015-16 | കെ.എസ്.എ-ഐ.ഡി.കെ-7/1348/17/ തീ.23.10.17 | 2-1(ബി), 2-2, 3-1,<br>3-4, 3-5, 3-6, 3-7, 3-9 | 8 |
| 2016-17 | കെ.എസ്.എ-ഐ.ഡി.കെ-7/1234/17/ തീ.05.12.17 | 2-1, 2-2, 2-3, 2-4,<br>2-5, 3-1, 3-2,<br>3-3, 3-4, 3-5 | 10 |
| 2017-18 | കെ.എസ്.എ-ഐ.ഡി.കെ-07/200/ 2019<br>തീ:23.03.2019 | 2-1, 2-2,3-2,3-3,3-4,3-5,<br>3-6,3-7,3-9,3-10,3-11 | 11 |

**ഡെപ്യൂട്ടി ഡയറക്ടർ**
**ഇടുക്കി.**

## അനുബന്ധം 1 ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ-ഐ.ഡി.കെ-7/116/2020

സംസ്ഥാന ഓഡിറ്റ് വകുപ്പ്
ഇടുക്കി ഓഡിറ്റ് കാര്യാലയം,
തൊടുപുഴ,തീയതി:05.02.2020
Ph : 04862-227332
E-mail : doidk.ksad@kerala.gov.in

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും **ഇടുക്കി** ജില്ലയിലെ **കുമാരമംഗലം** ഗ്രാമപഞ്ചായത്തിന്റെ **2018-19** സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ

രേഖകൾ പരിശോധിച്ചതിൽ കുമാരമംഗലം ഗ്രാമപഞ്ചായത്തിന്റെ **2018-19** ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**
**ഇടുക്കി.**

**Annexure - 1**

**AUDIT CERTIFICATE**

No.KSA-IDK-7/116/2020

Kerala State Audit Department
District Audit Office, Idukki
Thodupuzha-685 584
Phone : 04862-227332
E-mail : doidk.ksad@kerala.gov.in
Date.05.02.2020

Certified that I have audited the Annual Financial Statement of **KUMARAMANGALAM** Grama Panchayat in **Idukki** District for the year ended on **31.03.2019** in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Panchayat Raj Act 1994, the Govt. Order (Rt.)1413/ 2018/LSGD dated 22.05.2018, and

the rules made under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts in Panchayath Raj Institutions.

In my opinion, the Financial Statements of **KUMARAMANGALAM** Grama Panchayat for the **2018-19**, except the observations in my Audit Report properly presents the picture of Income and Expenditure.

**DEPUTY DIRECTOR**
**IDUKKI**